ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ തീർക്കേണ്ട ജോലികൾ, ആർ. ഇ. സി. സ്കീമിലുള്ള ജോലികൾപോലും മെറ്റീരിയൽസ് കിട്ടാതെ സ്തംഭനത്തിലാണ്. അതുകൊണ്ട് ആർ. ഇ. സി. സ്കീമിലുള്ള വർക്കുകൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് പ്രത്യേകമായ അനുമതി നൽകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ആദ്യം പറഞ്ഞ മറുപടിയിൽ അതിന് ഉത്തരം പറയുകയുണ്ടായി. അതനുസരിച്ചുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപോലുള്ള സ്കീമുകൾക്കാണ് ഇപ്പോൾ മുൻഗണന കൊടുത്തുകൊണ്ടിരിക്കുന്നത്. മുൻഗണനാപട്ടികയിൽ ഇതും പെട്ടിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇതിനുമുമ്പ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇല്ലെങ്കിൽ മറുപടി പറയുന്നത് ശ്രീ. കെ. എം. മാണി ആയിരുന്നു. ഇന്ന് അങ്ങാണ് ഇതിന് മറുപടി പറയുന്നത്. ഇനി ഇത് കൈകാര്യം ചെയ്യുന്നതും അങ്ങാണെന്ന് തോന്നുന്നു. ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് ഭരണകക്ഷിയിലേയും, പ്രതിപക്ഷത്തേയും ആളുകൾ ധാരാളം വിമർശനങ്ങൾ നടത്തി. അതെല്ലാം പരിഗണിച്ച് ഒരു പുതിയ സമീപനം കൈക്കൊള്ളാൻ ബോർഡിനെ ഉപദേശിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പുതിയ സമീപനത്തിന്റെ ആവശ്യം ഇല്ല. ഇപ്പോഴുള്ള സമീപനംതന്നെ ഭംഗിയായിട്ട് പോകുന്നുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ്

*517 [551] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, സി. ടി. കൃഷ്ണൻ:
,, ടി. എസ്. ജോൺ:
,, സി. എഫ്. തോമസ്:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് റയിൽവേ ചരക്കു കൂലി കൂട്ടുന്നതു മൂലം നിത്യോപയോഗസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടാകുമോ;

(ബി) ഇതുമൂലം ഏതെല്ലാം സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇതിനു പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം വിലക്കയറ്റത്തിനിടയാക്കുന്ന സാഹചര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) 1984-ലും 1985-ലും റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കാര്യമായ വർദ്ധനവുണ്ടായതായി കാണുന്നില്ല. 1986-ൽ വർദ്ധിപ്പിച്ച കൂലി ഇതുവരെ അനുഭവത്തിൽ വന്നിട്ടില്ല. അതുകൊണ്ട് വില വർദ്ധനവിന്റെ കാര്യം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും റെയിൽവേമാർഗ്ഗം കൊണ്ടുവരുന്ന അരി, പയറുവർഗ്ഗങ്ങൾ, ഉരുളക്കിഴങ്ങ്, ഉള്ളി, പഞ്ചസാര തുടങ്ങിയ സാധനങ്ങൾക്കാണ് റെയിൽവേ ചരക്കുകൂലി കൂട്ടുന്നതുമൂലം വില വർദ്ധനവുണ്ടാകുന്നത്.

(സി) സൂപ്പർ മാർക്കറ്റുകൾ, മാവേലിസ്റ്റോറുകൾ, സഹകരണ മാവേലി സ്റ്റോറുകൾ തുടങ്ങിയ രണ്ടാം പൊതുവിതരണ ശൃംഖല വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം ഉറപ്പുവരുത്തി വ്യാപാരികൾ സൃഷ്ടിക്കാനിടയുള്ള കൃത്രിമ വിലക്കയറ്റം തടയാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അമിതമായ വിലക്കയറ്റം അനുഭവപ്പെടുകയാണെങ്കിൽ കേന്ദ്ര ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞു, 1986-ലെ റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചതിൻറെ ഫലമായി സാധനങ്ങളുടെ വില വർദ്ധിച്ചിട്ടില്ല എന്ന്. എന്നാൽ എന്തുകൊണ്ടാണ് ഇപ്പോൾ അഭൂത പൂർവ്വമായ വിലക്കയറ്റം ഉണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോ?

ശ്രീ. യു. എ. ബീരാൻ: വിലക്കയറ്റത്തിന് പല ഘടകങ്ങൾ കാരണമായിട്ടുണ്ട്. പല ഘടകങ്ങളുടെ കാരണമായിട്ടാണ് വിലക്കയറ്റം പൊതുവിൽ ഉണ്ടാകുന്നത്. ചരക്കുകൂലി വർദ്ധിപ്പിച്ചതുകൊണ്ടു മാത്രമായി വിലക്കയറ്റം അനുഭവപ്പെട്ടിട്ടില്ല എന്നാണ് കണക്കുകൾ കൊണ്ട് കാണുന്നത്, 1984-ലും 1985-ലും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വിതരണ സമ്പ്രദായത്തിൻറെ പരാജയംകൊണ്ട് വിലവർദ്ധനവ് വന്നിരിക്കുന്നുവെന്നുള്ളതിൻറെ അടിസ്ഥാനത്തിൽ കൂടുതൽ കാര്യക്ഷമമായ രീതിയിൽ വിതരണസമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി കൂടുതൽ മാവേലി സ്റ്റോറുകളും കേരള സ്റ്റോറുകളും ഫലപ്രദമായി നടത്തുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. യു. എ. ബീരാൻ: കേരളത്തിൽ പൊതുവിതരണ ശൃംഖല പരാജയപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടത്തെ പൊതുവിതരണ ശൃംഖല വളരെ നല്ലതാണെന്ന് എല്ലാവരും അംഗീകരിച്ചതുമാണ്. ആ പൊതുവിതരണ ശൃംഖല പടിപടിയായി ശക്തിപ്പെടുത്തി എല്ലാ ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്.

ശ്രീ. ടി. എസ്. ജോൺ: കഴിഞ്ഞ ഒരു വർഷത്തിനകം നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് എത്ര ശതമാനമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. യു. എ. ബീരാൻ: അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള കണക്കനുസരിച്ച്, ഇൻഫ്ളേഷൻറെ ട്രെൻറ് 1984-85-ൽ 4.8 ശതമാനമായിരുന്നത് 1985-86-ൽ 7.41 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. ടി. എസ്. ജോൺ: അഖിലേൻഡ്യാടിസ്ഥാനത്തിൽ ഉള്ള കണക്കനുസരിച്ച് കേരളവും മറ്റു സംസ്ഥാനങ്ങളുമായി നോക്കുമ്പോൾ കേരളത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: അഖിലേൻഡ്യാടിസ്ഥാനത്തിൽ ഉള്ള കണക്കനുസരിച്ച് കേരളത്തിൽ വർദ്ധനവ് കുറവാണ്. കേരളത്തിൽ 7 ശതമാനം വർദ്ധനവേ ഉണ്ടായിട്ടുള്ളു.

ശ്രീ. സി. എഫ്. തോമസ്: ഇങ്ങനെ വിലവർദ്ധനവ് വരുമ്പോൾ റെയിൽവേ ചരക്കുകൂലി വർദ്ധിച്ചതുകൊണ്ടുമാത്രം സാധനങ്ങളുടെ വിലവർദ്ധനവുണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതും വിലവർദ്ധനവിന്റെ ഒരു ഘടകമല്ലേ? അതുംകൂടി ഒരു കാരണമാണെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: അതാണ് ഞാൻ പറഞ്ഞത് വിലവർദ്ധനവിന് പല ഘടകങ്ങളുണ്ട്. അത് നാഷണൽ എക്കണോമിയെ മൊത്തായിട്ട് ബാധിക്കുന്ന ഒരു കാര്യമാണ്. ചെറിയ തോതിലുള്ള വർദ്ധനവിന്റെ ഘടകവും ഇതുമായിട്ട് പരിഗണിക്കാം. 1-4-1984-ൽ ചരക്കുകൂലി അഞ്ചുശതമാനം വർദ്ധിപ്പിച്ചു. പക്ഷേ വലിയ വർദ്ധനവൊന്നുമുണ്ടായിട്ടില്ല. 15-4-1985-ൽ കേന്ദ്ര ഗവൺമെൻറ് ചരക്കുകൂലി പത്തുശതമാനം വർദ്ധിപ്പിച്ചു. അപ്പോഴും അതുകൊണ്ടു മാത്രമായിട്ട് വലിയ വിലവർദ്ധനവുണ്ടായിട്ടില്ല എന്നാണ് കണക്കുകൾ കൊണ്ട് മനസ്സിലാകുന്നത്.

ശ്രീ. സി. എഫ്. തോമസ്: സാധനങ്ങളുടെ വിലക്കയറ്റം തടയാനെന്നുള്ള നിലയിലാണ് മാവേലിസ്റ്റോറുകളും സഹകരണ മാവേലിസ്റ്റോറുകളുമൊക്കെ ആരംഭിച്ചിരിക്കുന്നത്. റെയിൽവേവഴി വരുന്ന സാധനങ്ങൾ എല്ലാംതന്നെ ഈ സ്റ്റോറുകളിൽക്കൂടി വിതരണത്തിനായി ഏൽപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ: അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന സാധനങ്ങളുടെ വിലയിൽ അൽപ്പം വർദ്ധനവുണ്ടാകും. പക്ഷേ അതിനെ നിയന്ത്രിച്ച് നിറുത്തുവാൻവേണ്ടി രണ്ടാം പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തിക്കൊണ്ട് ശ്രമിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: കേന്ദ്ര ഗവൺമെൻറിന്റെ ചരക്കുകൂലി വർദ്ധനവിനെത്തുടർന്ന് തെക്കെ അറ്റത്തുള്ള കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന അരി തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വിലവർദ്ധനവുണ്ടാകുന്നു. അതിനെത്തുടർന്ന് കേന്ദ്രത്തിൽ നിന്ന് പ്രത്യേക വല്ല സാമ്പത്തിക സഹായവും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: ഇപ്പോൾ കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ള ചരക്കുകൂലി വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടില്ല. ഡിസംബർ മാസം ഒന്നാം തീയതി മുതൽക്കേ വരാൻ പോകുന്നുള്ളു. അതുകൊണ്ട് അരി തുടങ്ങിയ സാധനങ്ങൾക്കൊന്നും വിലവർദ്ധനവുണ്ടായിട്ടില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: കേരളത്തിലെ ന്യായവില ഷാപ്പുകളിൽ കൂടി നിത്യോപയോഗ സാധനങ്ങൾ എല്ലാം വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: ന്യായവില ഷാപ്പുകളും മുഖാന്തിരം നിത്യോപയോഗ സാധനങ്ങളെല്ലാം വിതരണം ചെയ്യാൻ നിർവ്വാഹമില്ല. ഇൻഡ്യാ ഗവൺമെൻറ് തരുന്ന സാധനങ്ങളും അവരുടെ നിർദ്ദേശമനുസരിച്ച് മാത്രമാണ് റേഷൻ ഷാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്നത്.

ശ്രീ. ഇ. കെ. നായനാർ: എന്റെ സബ്മിഷനു് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടിയിൽനിന്നു് വ്യത്യസ്തമായിട്ടാണ് ഇന്നു് മറുപടി പറഞ്ഞത്. സബ്മിഷനിൽ പറഞ്ഞത്, 320 കോടി രൂപയുടെ വില വർദ്ധനവു് ഉണ്ടാക്കുകയാണു് കേന്ദ്ര ഗവൺമെൻറ് ചെയ്യുന്നതെന്നാണ്. അതിന്റെ ഫലമായി പതിനഞ്ചു ശതമാനം വില വർദ്ധിക്കുമെന്നു് കേന്ദ്രംതന്നെ പറയുന്നു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, വില കയറുന്നില്ലെന്നു്. ഏഴുശതമാനം വർദ്ധന വുണ്ടാകാൻ പോകുന്നുവെന്നാണു് പറഞ്ഞത്. ഇവിടെ ഇൻഫ്ളേഷനെന്നാണു് പറയുന്നത്. ഇൻഡ്യയിൽ 320 കോടി രൂപയുടെ ചരക്കുകൂലി വർദ്ധിപ്പിച്ചുവെന്നു് കേന്ദ്ര മന്ത്രി ലോകസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പതിനഞ്ചു ശതമാനം വിലക്കയറ്റമുണ്ടാകുമെന്നാണു് അദ്ദേഹം പറഞ്ഞത്. നമ്മുടെ മന്ത്രി പറയുന്നു, ഇൻഫ്ളേഷന്റെ ഫലമായിട്ടു് ഏഴു ശതമാനമേയുള്ളുവെന്നു്. ഇവിടെ ചോദ്യം വില വർദ്ധിക്കുമോ ഇല്ലയോ എന്നുള്ളതാണു്. അന്നുതന്നെ വിലക്കയറ്റമുണ്ടാകുമെന്നു് മന്ത്രിതന്നെ സമ്മതിച്ചതാണു്. ഇപ്പോൾ രണ്ടാഴ്ച കഴിഞ്ഞപ്പോൾ മന്ത്രിയുടെ മറുപടിയിൽ മാറ്റം വരുന്നതു് വളരെ കഷ്ടമാണു്. എത്ര ശതമാനം വിലക്കയറ്റമുണ്ടാകുമെന്നാണു് നമുക്കു് അറിയേണ്ടതു്. കേന്ദ്ര മന്ത്രി പറഞ്ഞതാണോ, ഈ മന്ത്രി പറഞ്ഞതാണോ ശരി?

ശ്രീ. യു. എ. ബീരാൻ: ലോകസഭയിൽ ബഹുമാനപ്പെട്ട റെയിൽവേ വകുപ്പുമന്ത്രി ഇക്കാര്യത്തെക്കുറിച്ചു് പറഞ്ഞ കാര്യങ്ങൾ മനസ്സിലാകാതെയാണു് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് പറഞ്ഞത്. 320 കോടി രൂപയുടെ വിലവർദ്ധനവുണ്ടാകുമെന്നല്ല കേന്ദ്ര മന്ത്രി പറഞ്ഞത്. ഡിസംബർ ഒന്നാം തീയതി മുതൽ ചരക്കുകൂലി വർദ്ധിപ്പിക്കുമ്പോൾ റെയിൽവേയിൽ 320 കോടി രൂപയുടെ വരുമാനം വർദ്ധിക്കുമെന്നാണു് അദ്ദേഹം പറഞ്ഞത്. പതിനഞ്ചുശതമാനം ചരക്കുകൂലി വർദ്ധിപ്പിക്കാൻ പോവുകയാണു്. അതു് വിലക്കയറ്റമല്ല. അതാണു് മനസ്സിലാക്കേണ്ടതു്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് പറയുന്നതു്, പതിനഞ്ചുശതമാനം വിലക്കയറ്റമെന്നാണു്. ചരക്കുകൂലിയിൽ ശരാശരി പതിനഞ്ചുശതമാനം വർദ്ധനവുണ്ടാകുമെന്നാണു് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ലോക്സഭയിൽ പറഞ്ഞതു്. അതു് മനസ്സിലാക്കാതെ എന്നെ കുറ്റം പറയുന്നതു് വളരെ സങ്കടമാണു്.

ശ്രീ. ഇ. കെ. നായനാർ: ചരക്കുകൂലിയിൽ പതിനഞ്ചുശതമാനം വർദ്ധിക്കുമെന്നുപറഞ്ഞാൽ വില കുറയുമെന്നാണോ നിങ്ങളുടെ ഭാഷ്യം?.....(ബഹളം).....

ശ്രീ. വി. വി. ജോസഫ്: വെളിച്ചെണ്ണയുടെ വില വർദ്ധിക്കുകയും പാമോയിലിന്റെ വിതരണം നിറുത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ നമ്മുടെ സഹകരണസംഘങ്ങളും വഴി വെളിച്ചെണ്ണ വിതരണം ചെയ്യുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എ. ബീരാൻ: ലഭ്യമായ വെളിച്ചെണ്ണ മാവേലി സ്റ്റോറു കളിൽക്കൂടി വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇന്നലെ ചാലക്കമ്പോളത്തിലെ ഒരു പലവ്യഞ്ജനക്കടയിൽ ചെന്ന് വില തിരക്കിയപ്പോൾ, ഒരു കിലോഗ്രാം ഉള്ളിക്ക് ആറു രൂപയും, ഒരു കിലോഗ്രാം മല്ലിക്ക് 24 രൂപയും, ഒരു കിലോഗ്രാം വെളുത്തുള്ളിക്ക് 160 രൂപയും ആണെന്നു പറഞ്ഞു. ഈ രാജ്യത്ത് ഇത്രകണ്ട് വിലക്കയറ്റമുണ്ടായിട്ടും അത് എഴുശതമാനമാണെന്നു പറയാൻ ഒരു ബഹുമാനപ്പെട്ട മന്ത്രിക്ക് എങ്ങനെ തോന്നുന്നു; ഈ രാജ്യത്ത് സാധനങ്ങൾ വാങ്ങാൻ ചെല്ലുന്ന സാധാരണ ക്കാരനായ അങ്ങും ആ വിഷമം അനുഭവിക്കുന്നുണ്ട്. ഇക്കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: ഇവിടെ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനവുണ്ടായിട്ടുണ്ട്. അത് ആരും നിഷേധിക്കുന്നില്ല. വില വർദ്ധനവുണ്ടാകുന്നുണ്ട്. അതൊരു വികസന രാജ്യത്തിൻെറ എക്കണോ മിയിലെ ഒരു പ്രധാന ഘടകമാണ്. ആരും ഇല്ലെന്ന് പറയുന്നില്ല. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇന്നലെ മാർക്കറ്റിൽ ചെന്ന് ഉള്ളി വാങ്ങിയ കാര്യമാണിവിടെ പറഞ്ഞത്. ഇവിടത്തെ ചോദ്യ മതല്ല. ചരക്കുകൂലിയിൽ ഡിസംബർ ഒന്നാം തീയതി മുതൽ ഉണ്ടാകാൻ പോകുന്ന വർദ്ധനവിൻെറ ഫലമെന്താണെന്നാണ്. അപ്പോൾ ഉള്ളിയുടെ കാര്യം ഡിസംബർ മാസം ഒന്നാം തീയതിക്കുശേഷം പറയാം.

ശ്രീ. രാഘവൻ പൊഴക്കടവിൽ: പൊതു മാർക്കറ്റിൽ കിട്ടുന്ന സാധനങ്ങളുടെ വിലയും സൂപ്പർ മാർക്കറ്റ്, മാവേലിസ്റ്റോർ തുടങ്ങിയവയിൽക്കൂടി കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധന ങ്ങളുടെ വിലയും കണക്കിലെടുക്കുമ്പോൾ പൊതു വിതരണ ശൃംഖല എത്ര ശതമാനം കുറച്ചാണ് വിൽക്കുന്നതെന്ന് പറയാമോ?

ശ്രീ. യു. എ. ബീരാൻ: സാധാരണയായി പത്തുശതമാനം വില കുറവായിട്ട് കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ്: പതിനഞ്ചുശതമാനം ചരക്കുകൂലി വർദ്ധിക്കുമെന്നു പറഞ്ഞു. ചരക്കുകൂലി വർദ്ധനവുകൊണ്ടുണ്ടാകുന്ന വിലവർദ്ധവ് കുറയ്ക്കുവാൻ സംസ്ഥാന ഗവൺമെൻറ് സബ്സിഡി വല്ലതും ഏർപ്പെടുത്തുമോ; ഇവിടെ അമിതമായ വിലക്കയറ്റമുണ്ടാ കുമ്പോൾ കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്താമെന്നു പറഞ്ഞു. സംസ്ഥാന ഗവൺമെൻറിൻെറ മുമ്പിലുള്ള അമിതമായ വിലക്കയറ്റം എത്രശതമാനമാണെന്ന് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. യു. എ. ബീരാൻ: ഡിസംബർ മാസം ഒന്നാം തീയതി ചരക്കുകൂലി വർദ്ധനവ് പ്രാബല്യത്തിൽ വന്നതിനുശേഷം ഇവിടത്തെ മാർക്കറ്റിൽ അതിൻെറ പ്രത്യാഘാതമെന്താണെന്നറിഞ്ഞിട്ട് അമിതമായ വിലക്കയറ്റമുണ്ടാവുകയാണെങ്കിൽ അതിനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: എൻെറ ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞില്ല. പതിനഞ്ചു ശതമാനം ചരക്കുകൂലി വർദ്ധി ച്ചിരിക്കുന്നു; അതുകൊണ്ട് പതിനഞ്ചു ശതമാനം, സാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാകും. വർദ്ധനവ് കുറയ്ക്കണമെങ്കിൽ സബ്സിഡി കൊടുക്കണം. അതിനെക്കുറിച്ച് ഗവൺമെൻറ് ആലോചി ച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ: പതിനഞ്ചു ശതമാനം റെയിൽവേ ചരക്കു കൂലി വർദ്ധിച്ചതു കൊണ്ടുമാത്രമായി പതിനഞ്ചു ശതമാനം വില വർദ്ധനവ് ഉണ്ടാകണമെന്നില്ല. അതുമാത്രമല്ല, ഇക്കാര്യത്തിൽമാത്രം ഒരു സബ്സിഡി വേണമെന്ന് ആവശ്യപ്പെടാനും നിർവ്വാഹമല്ല.

ശ്രീ. ബേബി ജോൺ: ഡിസംബർ 1-ാം തീയതിമുതൽ റെയിൽവേ ചരക്കുകൂലി വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞു. അതിനുമുമ്പ് 1984-ലും 1985-ലുംആയിട്ട് നാലു ശതമാനവും പത്തു ശതമാനവും വില വർദ്ധനവുണ്ടായിട്ടുണ്ട്. അങ്ങനെ റെയിൽവേ ചരക്കുകൂലി വർദ്ധിച്ചാൽ ലോറിയിലും ചരക്കുകൂലി വർദ്ധിക്കും. അത് സ്വാഭാവികമാണ്, നമുക്ക് അത്യാവശ്യമായ സാധനങ്ങൾ എല്ലാം പുറത്തുനിന്ന് വരേണ്ടതാണ്. കഴിഞ്ഞ രണ്ടു പ്രാവശ്യം ഉണ്ടായ വർദ്ധനവുമൂലം എന്തുമാത്രം വിലവർദ്ധനവുണ്ടായിട്ടുണ്ട്; ഇനി ചരക്കുകൂലിയിൽ ഉണ്ടാകാൻ പോകുന്ന വർദ്ധനവുമൂലം സാധനങ്ങളുടെ വിലയിൽ എന്തുമാത്രം വർദ്ധനവുണ്ടാകുമെന്ന് ഗവൺമെൻറ് അസസ് ചെയ്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ: അതാണ് ഞാൻ പറഞ്ഞത്, 1984-ൽ അഞ്ചുശതമാനവും, 1985-ൽ പത്തുശതമാനവും റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചിട്ടുണ്ട്. റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിക്കേണ്ടി വരുന്നതിൻെറ കാരണങ്ങളിലൊന്ന് റെയിൽവേ ജീവനക്കാരുടെ വരുമാന വർദ്ധനവാണ്; അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് ചരക്കുകൂലി വർദ്ധിപ്പിക്കേണ്ടതായിട്ട് വരുന്നു. 1984-ലും 1985-ലും യഥാക്രമം അഞ്ചുശതമാനവും പത്തുശതമാനവും ചരക്കുകൂലി വർദ്ധനവ് ഉണ്ടായതിൻെറ അടിസ്ഥാനത്തിൽ മാത്രമായി നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിൽ ഗണ്യമായ വർദ്ധനവ് കണ്ടിട്ടില്ലായെന്നാണ് കണക്കുകൂട്ടൽകൊണ്ട് കാണുന്നത്.

ശ്രീ. ബേബി ജോൺ: ഞാൻ ചോദിച്ചത് ഗണ്യമായിട്ടോ, അഗണ്യമായിട്ടോ അഞ്ചുശതമാനവും പത്തുശതമാനവും ചരക്കുകൂലിയിൽ വർദ്ധനവു വന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സാധനങ്ങളുടെ വില എന്തുമാത്രം വർദ്ധിച്ചുവെന്നാണ്. ഇനി പതിനഞ്ചുശതമാനം ചരക്കുകൂലി വർദ്ധനവു വരുന്നതുകൊണ്ട് എന്തുമാത്രം വില വർദ്ധനവു വരുമെന്ന് ഗവൺമെൻറ് പ്രതീക്ഷിക്കുന്നു?

ശ്രീ. യു. എ. ബീരാൻ: അതാണ് പറഞ്ഞത്. ഡിസംബർമാസം ഒന്നാം തീയതി പുതിയ ചരക്കുകൂലി പ്രാബല്യത്തിൽ വന്നതിനു ശേഷം അതിൻെറ പ്രത്യാഘാതമെന്താണെന്ന് അനലൈസ് ചെയ്തതിനു ശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ. ഇപ്പോഴ് ഊഹിച്ച് പറയാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly